(ഡി) ശ്രീ. എ. പി. അനിൽകുമാർ.

(ഇ) എം. എം. ഹർഷൻ എന്ന പേരിൽ ഒരു മന്ത്രി ഉണ്ടായിരുന്നില്ല.

വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമന പരീക്ഷ

88 [38] *ശ്രീ. എ. എൻ. രാജൻ ബാബു:*
,, *കെ. കെ. ഷാജു:*
,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷക്കാലമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്ഥിരാദ്ധ്യാപകൻ ഇല്ലാതിരുന്നത് പരിഹരിക്കുന്നതിന് പി.എസ്.സി. വഴി നോട്ടിഫൈ ചെയ്ത വൊക്കേഷണൽ-നോൺ വൊക്കേഷണൽ അദ്ധ്യാപകരുടെ നിയമന പരീക്ഷ എന്നത്തേക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ-നോൺ വൊക്കേഷണൽ അദ്ധ്യാപക നിയമനത്തിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ-നോൺ വൊക്കേഷണൽ തസ്തികകളിലെ നിയമനത്തിനായി പി.എസ്.സി-ക്ക് ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. പരീക്ഷാ തീയതി പി.എസ്.സി. തീരുമാനിച്ചിട്ടില്ല.

(ബി) സ്പെഷ്യൽ റൂൾസ് ഇല്ലാതിരുന്നതുകൊണ്ടാണ് ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് കാലതാമസം നേരിട്ടത്.

കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരേയും മെഡിക്കൽ ജീവനക്കാരേയും നിയമിക്കാൻ നടപടി

89 [42] *ഡോ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലാ കളക്ട്രേറ്റിൽ സംഘടിപ്പിച്ച പരിപാടിയിൽ വച്ച്, കല്ലിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിനുള്ള ഡോക്ടർമാരേയും മെഡിക്കൽ ജീവനക്കാരേയും നിയമിക്കണമെന്നാവശ്യപ്പെട്ട് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് ഉത്തരവാണ് മുഖ്യമന്ത്രി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ അടിയന്തിരമായി ഡോക്ടറെ നിയമിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഉത്തരവ് നൽകി.

(സി) നിലവിൽ കല്ലിയൂർ പി.എച്ച്.സി. യിൽ ഡോക്ടറുടെ തസ്തികയൊന്നും ഒഴിഞ്ഞുകിടപ്പില്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകി.

നിയോജക മണ്ഡല പുനർവിഭജനം

90 [43] *ശ്രീ. കെ. ബാബു:*

,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയോജക മണ്ഡല പുനർവിഭജനം സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറും ചീഫ് ഇലക്ടറൽ ആഫീസറും നിയോജക മണ്ഡല പുനർവിഭജന കമ്മീഷന് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇവർ ഓരോരുത്തരും സമർപ്പിച്ച നിർദ്ദേശങ്ങളനുസരിച്ചുള്ള സംസ്ഥാനത്തെ നിയോജകമണ്ഡലങ്ങളുടെ രൂപരേഖ കാണിക്കുന്ന ചിത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇവരിൽ ഓരോരുത്തരും സമർപ്പിച്ച നിയോജക മണ്ഡല പുനർവിഭജന നിർദ്ദേശങ്ങളുടെ അടിസ്ഥാനം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നിയോജക മണ്ഡല പുനർവിഭജനം സംബന്ധിച്ച് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ചീഫ് ഇലക്ടറൽ ആഫീസർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

(ബി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സമർപ്പിക്കുന്ന എല്ലാ രേഖകളുടെയും വീഗൽ കസ്റ്റോഡിയൻ ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിയാണ്.

(സി) ഡീലിമിറ്റേഷൻ കമ്മീഷൻ തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെയും 2001-ലെ ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ് ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള നിയോജക മണ്ഡലങ്ങളുടെ അതിരുകൾ നിശ്ചയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly